കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആസ്തിവികസനം - നിലമ്പൂർ നിയോജകമണ്ഡലം - 24x7 പി.എച്ച്.സി. കരുളായി കെട്ടിട നിർമ്മാണം (കരുളായി പഞ്ചായത്ത് )-ഭരണാനുമതി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 3096/17/തസ്വഭവ                    തിരുവനന്തപുരം, തീയതി. 20.09.2017

വായന:-
1. സ.ഉ (അച്ചടി) 332/12/ധന തീയതി 11/06/2012.
2. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 15/05/2017 ലെ ഡി.ബി4-6379/17/സി.ഇ /തസ്വഭവ നമ്പർ കത്ത്.
3. സ.ഉ(സാധാ)നം.2121/2017/തസ്വഭവ തീയതി.24/06/2017
4. ശ്രീ . പി . വി . അൻവർ എം . എൽ . എ - യുടെ 01/06/2017 ലെ കത്ത്.

## ഉത്തരവ്

മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തെ പ്രതിനിധികരിക്കുന്ന ശ്രീ.പി.വി.അൻവർ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 24x7 പി.എച്ച്.സി. കരുളായി കെട്ടിട നിർമ്മാണം (കരുളായി പഞ്ചായത്ത്)എന്ന പ്രവൃത്തിയ്ക്ക് ആകെ അടങ്കൽ തുകയായ 25 ലക്ഷം രൂപയ്ക്ക് (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വായന(3) പ്രകാരം ഭരണാനുമതി നല്കി ഉത്തരവായിരുന്നു. എന്നാൽ വായന (4) പ്രകാരം ടി പ്രവൃത്തി കരുളായി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 24x7 പി.എച്ച്.സി. കരുളായി കെട്ടിട നിർമ്മാണം (കരുളായി പഞ്ചായത്ത്)എന്ന പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായി തദ്ദേശസ്വയംഭരണ വകുപ്പിനു പകരം കരുളായി ഗ്രാമപഞ്ചായത്ത് എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു . വായന 3 ലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നില നിൽക്കുന്നതാണ് .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, കരുളായി ഗ്രാമപഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം
ധനകാര്യ വകുപ്പ് (അ.നം. 941/എൻ.സി.സി1/2017-ധന തീയതി.21.08.2017)
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/234/2017/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ